**നബാർഡ് ആർ.ഐ.ഡി.എഫ്. 23-ാം ട്രെഞ്ചിൽ മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിൽ വരുന്ന പദ്ധതികൾ**

140 (2160) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ് 23-ാം ട്രെഞ്ചിൽ ഉൾപ്പെടുത്തി മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിൽ വരുന്ന വിവിധ വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഏതെല്ലാം പദ്ധതികളുടെ ശിപാർശകൾ വിവിധ വകുപ്പുകളിൽ നിന്ന് മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് ലഭിച്ചിട്ടുണ്ട്; ഓരോ പ്രോജക്ടിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കീമിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമെന്ന് പറയാമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. 23-ാം ട്രെഞ്ചിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. നബാർഡ് ആർ.ഐ.ഡി.എഫ്. - 23-ൽ വിവിധ വകുപ്പുകളുടെ 2017-18 സാമ്പത്തിക വർഷത്തെ സെക്ടറൽ അലോക്കേഷൻ സർക്കാരിൽനിന്നും അനുവദിക്കേണ്ടതുണ്ട്.

(ബി) പ്രൊപ്പോസലുകൾ നിശ്ചയിച്ചുവരുന്നു.

**ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ**

141 (2161) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാലിയം ഫിഷ് ലാന്റിങ് സെന്ററിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) ഈ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly